# Athmaraksha.org

ലേഖനം - അനുഭവം, സാക്ഷ്യം

## മാർപാപ്പയ്ക്കൊപ്പം നടക്കണോ ? എങ്കിൽ ഈ പ്രതിജ്ഞ എടുക്കു



ഐസ് ബക്കറ്റ് ചലഞ്ച് സോഷ്യൽ മീഡിയയിൽ വൈറലായതു പോലെ വാഷിംങ്ടൺ ഡിസിയിലെ കത്തോലിക്കർ പുതിയ സേവന സംരംഭവുമായി രംഗത്തു വന്നു. ദി വാക്ക് വിത്ത് ഫ്രാൻസിസ്സ്. പ്ലെഡ്ജ് എന്ന് പേരിട്ടിരിക്കുന്ന സേവന സംരംഭം ഫ്രാൻസിസ് പാപ്പയുടെ കാരുണ്യപ്രവർത്തനങ്ങൾക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചു കൊണ്ടുള്ളതാണ്. ക്രിസ്തുവിന്റെ സ്നേഹവും കരുണയും മറ്റുള്ളവർക്ക് പകർന്നുകൊടുക്കുന്നതിന് പ്രത്യേകിച്ച് സമൂഹത്തിലെ അടിച്ചമർത്തലുകൾ ഏറ്റ് മുറിവുകളാൽ കഴിയുന്നവർക്ക് സാന്ത്വനം പകരുന്നതിനായുള്ള ഫ്രാൻസിസ് പാപ്പയുടെ വിളിക്ക് ഉത്തരം നൽകുവാൻ തയ്യാറായി മുന്നോട്ടു വരുന്നവരാണ് ചലഞ്ച് ഏറ്റെടുക്കുന്നവർ. വാഷിംങ്ടൺ ഡിസിയുടെ കർദ്ദിനാൾ ഡൊണാൾഡ് വ്യുയേൾ പറഞ്ഞു.

സമൂഹത്തിലെ എല്ലാവർക്കും തങ്ങളാൽ കഴിയുംവിധം ശാരീരികമായോ, മറ്റുള്ളവരിലേക്ക് ഇറങ്ങിച്ചെന്ന് സാന്ത്വനസ്പർശനത്തിലൂടെയും മറ്റും അവരെ സഹായിക്കുന്നതിലൂടെ പാപ്പയ്ക്ക് നാം സമ്മാനം സമർപ്പിക്കുകയാണ് ചെയ്യുന്നത്. പുതിയ പ്രചരണത്തിന്റെ തുടക്കത്തിൽ നടത്തിയ വാർത്താസമ്മേളനത്തിൽ കർദ്ദിനാൾ പറഞ്ഞു. സെപ്റ്റംബർ മാസത്തിൽ വാഷിംങ്ടൺ സന്ദർശനത്തിനായി പാപ്പ വരുന്നതിന് തൊട്ടു മുൻപ് പ്രതിജ്ഞ എടുത്ത് കാരുണ്യപ്രവർത്തിയിലൂടെ ആർക്കും പാപ്പയോടുള്ള ഐക്യദാർഢ്യം പ്രഖ്യാപിക്കാം. വെല്ലുവിളിയിൽ പങ്കെടുക്കാൻ താത്പര്യമുള്ള ആളുകൾക്ക് പല രീതിയിൽ പ്രതിജ്ഞകൾ എടുക്കാം.

പ്രാർത്ഥന കൂടുതൽ ചൊല്ലുന്നതു വഴി പണം ദാനം ചെയ്യുന്നതിലൂടെ മറ്റുള്ളവർക്ക് സേവനം ചെയ്യുന്നതിലൂടെ സഭയുടെ ശിക്ഷണങ്ങളെക്കുറിച്ച് പൊതുനിരത്തിൽ നിന്ന് മറ്റുള്ളവരുമായി പങ്കു വയ്ക്കുന്നതിലൂടെയെല്ലാം ഒരുവന് പ്രതിജ്ഞ ചെയ്യാവുന്നതാണ്. തന്റെ പ്രതിജ്ഞ സോഷ്യൽ മീഡിയയിലൂടെ മറ്റുള്ളവരുമായി പങ്കുവച്ച് സുഹൃത്തുക്കളെ വെല്ലുവിളി ഏറ്റെടുക്കുന്നതിനായി ക്ഷണിക്കുന്നതിനുള്ള അവസരം കൂടി ഉണ്ട്.